ഡസ്കിൽ നിന്നും...

# വികസനത്തിന്റെ പക്ഷവും മറുപക്ഷവും

**വി**കസനത്തെക്കുറിച്ചുള്ള സംഭാഷണങ്ങൾ വിടാതെ പിന്തുടരുന്ന ഒരു വർത്തമാനകാലത്താണ് നാമുള്ളത്. വികസനം എന്ന ലക്ഷ്യത്തിന്റെ സർവ്വവ്യാപനത്തിനുള്ള ആഗോളമായ നീക്കത്തിലാണ് തങ്ങളെന്ന് വികസിത രാഷ്ട്രങ്ങൾ, വികസിതമാകാനുള്ള ധനസഹായം നൽകി സഹായിക്കുകയാണെന്ന് ആഗോള ബാങ്കുകൾ, ഞങ്ങൾ വികസനത്തിന് വേണ്ടി മാത്രമാണ് നിലകൊള്ളുന്നതെന്ന് ലോക ഭരണകൂടങ്ങൾ, വികസനമാണ് ആത്യന്തിക ലക്ഷ്യമെന്ന് രാഷ്ട്രീയ കക്ഷികൾ, വികസനത്തിന് തടസ്സമുണ്ടാകാൻ പാടില്ലെന്ന് നിക്ഷേപകർ, വികസനമില്ലെങ്കിൽ വളർച്ച മുരടിക്കുമെന്ന് വിദഗ്ധർ, വികസനവിരോധികൾ തടസ്സം സൃഷ്ടിക്കുന്നു എന്ന് മാദ്ധ്യമങ്ങൾ, എങ്ങനെയും നാട് വികസിക്കണമെന്ന് നാട്ടരിൽ ഒരു കൂട്ടർ... അങ്ങനെ പല രൂപങ്ങളിൽ കേട്ടുകൊണ്ടേയിരിക്കുകയാണ് വികസനം, വികസനം.... എന്ന ധ്വനി.

'വികസനം' എന്ന വാക്ക് ഒരു വീക്ഷണം എന്ന നിലയിൽ വ്യത്യസ്തങ്ങളായ കാഴ്ചകൾ നൽകുകയും എന്നാൽ ഒരു പ്രയോഗം എന്ന നിലയിൽ ലോകമെങ്ങും ലാഭേച്ഛയാൽ പ്രേരിതമായ സാമ്പത്തിക പ്രവർത്തനങ്ങൾ മാത്രമായി ചുരുങ്ങുകയും ചെയ്തിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. അനേകം തിരിവുകളുള്ള അർത്ഥവ്യാപ്തി പേറുന്ന ഈ വാക്കിന്റെ പ്രയോഗപരമായ ഈ ഏകപക്ഷീയനില ആസൂത്രിതവും സ്വാർത്ഥപ്രേരിതവുമാണെന്നതാണ് വികസനവാദത്തിന്റെ ചരിത്രം വ്യക്തമാക്കുന്നത്. അമിതോത്പാദനവും അനിയന്ത്രിതമായ വളർച്ചയും അപരിമിതമായ വിഭവസമാഹരണവുമാണ് വികസനം എന്നാണ് ഇന്ന് ആഗോളമായി ആധിപത്യം പുലർത്തുന്ന ചിന്തയുടെ അടിത്തറ. സാമ്പത്തിക വളർച്ചയുണ്ടായാൽ രാജ്യം പുരോഗമിക്കുമെന്നും അത് ജനജീവിതത്തിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കുമെന്നും ഉള്ള ചിന്ത ഭരണകൂടങ്ങളെയും ഭരണനിർവ്വഹണത്തെയും ആഴത്തിൽ സ്വാധീനിച്ചിരിക്കുകയാണ്. ഇപ്രകാരം സാമ്പത്തിക വളർച്ചയുണ്ടാകണമെങ്കിൽ ലാഭം ലക്ഷ്യമാക്കുന്ന സ്വകാര്യ സംരംഭകരുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണമെന്നും അതിനുവേണ്ട എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്ന നടത്തിപ്പുകാരായാണ് തങ്ങൾ നിൽക്കേണ്ടതെന്നുമുള്ള കാര്യത്തിൽ ഭരണാധികാരികൾക്ക് ഇന്ന് സംശയമേയില്ല. അതോടെ കോർപ്പറേറ്റുകളുടെ ലാഭപ്രേരിതമായ പ്രവർത്തനങ്ങളെല്ലാം വികസനത്തിന്റെ അക്കൗണ്ടിലേക്ക് വകയിരുത്തപ്പെട്ടു. ചങ്ങാത്ത മുതലാളിത്തത്തിന്റെ ഈ കാലത്ത് ഭരണനിർവാഹകർക്കും അതിൽ ഒരു പങ്കു കിട്ടുന്നു. വികസനത്തെ ലക്ഷ്യം വയ്ക്കുന്ന പ്രവർത്തനമായതുകൊണ്ട് അതിനെ അഴിമതിയെന്ന് പറയാൻ കഴിയില്ലെന്നാണ് അവരുടെ ന്യായം. രാജ്യപുരോഗതിയെ ലക്ഷ്യം വയ്ക്കുന്ന വികസന പ്രവർത്തനമായതിനാൽ അതിനെ സംശയദൃഷ്ടിയോടെ നോക്കിക്കാണുക എന്നത് രാജ്യദ്രോഹപരമാണെന്നും ഭരണാധിപർ സ്ഥാപിച്ചുകഴിഞ്ഞു. ചുരുക്കത്തിൽ, ജനങ്ങളെ സംബന്ധിച്ച് വികസനവുമായി ബന്ധപ്പെട്ട എല്ലാ പ്രയോഗങ്ങളെയും സർവ്വാത്മനാ സ്വീകരിക്കുക എന്നത് ഒരു നിർബന്ധിത ദിനചര്യയായി മാറി. അതല്ലാത്തവർ ദേശവിരുദ്ധരോ, രാജ്യപുരോഗതിക്ക് തടസ്സം നിൽക്കുന്നവരോ ആയി മുദ്രകുത്തപ്പെടുന്നു, നിഷ്കാസിതരാക്കപ്പെടുന്നു. എന്നാൽ അത്തരം ശിക്ഷണനടപടികളെ വകവയ്ക്കാതെ ലോകമെങ്ങും ഒരുപാട് മനുഷ്യർ വികസന പ്രയോഗത്തിന്റെ ഈ ഏകപക്ഷീയത ചോദ്യം ചെയ്തുകൊണ്ട് മുന്നോട്ടുവരുന്നുണ്ട്.

ആധിപത്യം പുലർത്തുന്ന വികസന സങ്കൽപ്പങ്ങളാൽ പുറന്തള്ളപ്പെട്ടവർ, അതിന്റെ ലാഭതൃഷ്ണകളാൽ ആവാസവ്യവസ്ഥ നഷ്ടമായവർ, ഓരങ്ങളിലേക്ക് അകറ്റപ്പെട്ടവർ, അതിജീവനം അസാധ്യമായ സസ്യജന്തുജാലങ്ങൾ, ഊഷരമാക്കപ്പെടുന്ന മണ്ണ്... ഇത്തരം കാഴ്ചകളെ മുൻനിർത്തി വളർച്ചാ മാതൃകയുടെ മേൽക്കോയ്മയെ ചോദ്യം ചെയ്യുന്ന അനേകം സംഘങ്ങൾ എക്കാലത്തും രൂപപ്പെട്ടുവന്നിട്ടുണ്ട്. അവരുടെ ശബ്ദങ്ങളാണ് വികസനത്തെ ഏകപക്ഷീയതയിൽ നിന്നും ബഹുസ്വരതയിലേക്ക് മാറ്റിയെഴുതിക്കൊണ്ടിരിക്കുന്നത്. ആ പക്ഷത്ത് നിന്നുകൊണ്ട് വികസനം എന്നതിനെ നോക്കിക്കാണുകയാണ് ഈ ലക്കം കേരളീയം. വികസനം എന്ന ആശയത്തെയും അനുഭവത്തെയും അനിവാര്യതയേയും മനസ്സിലാക്കാൻ സഹായിക്കുന്ന എഴുത്തുകൾ ഉൾക്കൊള്ളുന്ന ഒരു പ്രത്യേകലക്കമാണിത്. അതിവിപുലമായ ഒരു വിഷയത്തെ സ്പർശിക്കുന്നതിന്റെ പരിമിതികളുണ്ടെന്ന ബോധ്യത്തോടെ 'വികസനം' പ്രത്യേക ലക്കം സമർപ്പിക്കുന്നു.■